(ബി) ബാലവേല സംബന്ധിച്ച പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ മാതൃഭൂമി ലേഖകൻ ശ്രീ. വി. ജെ. ജെനീഷ് ഒല്ലൂർ പോലീസ് നോട്ടീസ് നൽകിയെങ്കിലും ടിയാൻ ഇക്കാര്യത്തിന് സഹകരിച്ചിട്ടില്ലാത്തതാണ്.

(ബി) ഉണ്ട്. ഇക്കാര്യത്തിന് സൈമൺ മകൻ ശ്രീ. ജോസഫ്, തെക്കുടൻ വീട്, കുരിയച്ചിറ എന്നയാൾ ജെ.എഫ്.സി.എം. III തൃശ്ശൂർ കോടതിയിൽ 2-2-2005 ന് സി.എം.പി. 577/2005 ആയി ബോധിപ്പിച്ച അന്യായത്തിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട്ടുകാരനായ നെടുഞ്ചേഴിയനും മറ്റ് കണ്ടാലറിയാവുന്നവർക്കുമെതിരായി ഒല്ലൂർ പി.എസ്. ക്രൈം 88/2005 യു/എസ് 341, 342, 34 ഐ.പി.സി. ആന്റ് സെക്ഷൻ 23 ആന്റ് 26 ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് പ്രിവൻഷൻ ആക്ട് 2000 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നുണ്ട്. പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ആവലാതിക്കാരൻ ടി കേസിന്റെ അന്വേഷണത്തിന് ഇതുവരെയും സഹകരിച്ചിട്ടില്ലാത്തതുമാണ്.

പറമ്പിക്കുളം-ആളിയാർ നദീജല കരാർ

32 [T 2375] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തമിഴ്നാട് സർക്കാരുമായി പറമ്പിക്കുളം-ആളിയാർ നദീജല കരാർ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ കരാർ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് ദോഷം വരുത്തുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതെങ്ങനെ സംഭവിച്ചുവെന്നും അതിന് കാരണക്കാർ ആരെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത കരാർമൂലം നമ്മുടെ സംസ്ഥാനത്തിനുണ്ടായേക്കാവുന്ന ദോഷങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ---- (ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly